**കേരള സർക്കാർ**
**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലന സവിധാനം ഏർപ്പെടുത്തുന്നതിന് സേവനദാതാക്കളുടെ പട്ടിക പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ(സാധാ)നം.2674/10/തസ്വഭവ** **തിരുവനന്തപുരം, തീയതി. 11.8.2010**

---

**പരാമർശം –**
1) സ.ഉ.(സാധാ)നം.144/04/തസ്വഭവ തീയതി. 03.04.2004
2) സ.ഉ.(സാധാ)നം.796/05/തസ്വഭവ തീയതി. 03.03.2005
3) സ.ഉ.(സാധാ)നം.459/05/തസ്വഭവ തീയതി. 03.02.2005
4) സ.ഉ.(സാധാ)നം.4357/05/തസ്വഭവ തീയതി.07.11.2005
5) സ.ഉ.(സാധാ)നം.4502/05/തസ്വഭവ തീയതി. 16.11.2005
6) സ.ഉ.(സാധാ)നം.1327/06/തസ്വഭവ തീയതി. 29.05.2006
7) 10.11.09 ലെ കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 1.4 നമ്പർ തീരുമാനം
8) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.06.10 ലെ എസ്.എം(2)191/10 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനസംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ ഏജൻസികളെകൂടി ഉൾപ്പെടുത്തി ഈ മേഖലയിൽ സേവനദാതാക്കളുടെ പട്ടിക പുതുക്കണമെന്നും സേവനം തൃപ്തികരമായി നൽകാതുള്ളതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാത്തവരുമായ ഏജൻസികളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം 7 ലെ കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 8 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാളിതുവരെ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് സേവനദാതാക്കളായി വിജ്ഞാപനം ചെയ്തിരുന്ന, മുൻപറഞ്ഞ സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിലുണ്ടായിരുന്ന സേവനദാതാക്കളിൽ (സർവ്വീസ് പ്രൊവൈഡർമാർ) കഴിഞ്ഞ 3 വർഷമായി തൃപ്തികരമായ സേവനം നൽകാത്ത സേവനദാതാക്കളെയും, രേഖാമൂലം ആവശ്യപ്പെട്ടിട്ടും അവർ നൽകിയ സേവനങ്ങളുടെ വിവരങ്ങളും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും പാലിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കാത്ത സ്ഥാപനങ്ങളേയും സേവനദാതാക്കളേയും ഈ ഉത്തരവ് പ്രകാരം ലിസ്റ്റിൽ നിന്നും

ഒഴിവാക്കാനും ഈ മേഖലയിൽ സേവനം നൽകിയവരും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ചവരുമായ നിലവിലുണ്ടായിരുന്ന ലിസ്റ്റിലുള്ള ഏജൻസികളെയും പുതുതായി അപേക്ഷ നൽകി മാനദണ്ഡങ്ങൾ പാലിച്ചവരുമായ ഏജൻസികളെയും ഉൾപ്പെടുത്തി താഴെപ്പറയുന്ന സേവനദാതാക്കളുടെ ലിസ്റ്റ് പുതുക്കി നിശ്ചയിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ള താഴെപ്പറയുന്ന സേവനദാതാക്കൾക്ക് അവരുടെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന സർവ്വീസ് മേഖലകളിൽ മാത്രമായി സേവനദാതാക്കളായി നിശ്ചയിച്ച് ഈ ഉത്തരവ് തീയതി മുതൽ 3 വർഷക്കാലയളവിലേക്ക് പ്രാബല്യത്തോടെയും ഉത്തരവാകുന്നു.

| ക്രമ നംപർ | ഏജൻസിയുടെ പേര് | സർവ്വീസ് മേഖല |
|---|---|---|
| 1 | കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കിസാൻ ജ്യോതി, ഫോർട്ട്, തിരുവനന്തപുരം-695023 | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള വെർമി കമ്പോസ്റ്റിംഗ്, വിൻഡ്രോ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 2 | സ്നേഹ, രജി.നം.311/02, പൂവത്തുൽ ബിൽഡിംഗ്, തുറവൂർ പി.ഒ. ആലപ്പുഴ-688532 | വീടുകളിലും സ്ഥാപനങ്ങളിലുമുള്ള വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 3 | കോർ ഫൗണ്ടേഷൻ, (കോർഡിനേഷൻ ഫോർ റൂറൽ ഡെവലപ്മെന്റ് & ടെക്നോളജി ഫൗണ്ടേഷൻ) പി.ബി.നം.28, അടൂർ പി.ഒ. പത്തനംതിട്ട-691523 | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 4 | ടെക്നോ ഗ്രൂപ്പ്, വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയറിംഗ് കൺസൾട്ടൻസ്, കല്യാൺ അപ്പാർട്ട്മെന്റ്സ്, 7/310, പാലസ്റോഡ്, ആലുവ - 683 101 | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള (വേസ്റ്റ് പ്രോ മെഷീൻ കൂടാതെയുള്ള കംമ്പോസ്റ്റിംഗ് പ്ലാന്റ് നിർമ്മാണം |
| 5 | ജ്യോതി ബയോഗ്യാസ് & റൂറൽ സോഷ്യൽ സർവ്വീസ് സെന്റർ, ചെമ്പൂർ, രജി.നം.ടി 1050/99, ഒറ്റശേഖരമംഗലം പി.ഒ. തിരുവനന്തപുരം- 695 126 | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 6 | ബയോടെക്, പി.ബി.നം.520, എം.പി.അപ്പൻ റോഡ്, വഴുതക്കാട്, തൈക്കാട് പി.ഒ. തിരുവനന്തപുരം - 695 014 | വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 7 | ദീപം ബയോഗ്യാസ് ഏജൻസി, അരുൺ ഭവൻ, നീറില്ല, പാരാപ്പൂർ, കാടാമ്പുഴ, | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |

| | | |
|---|---|---|
| | മലപ്പുറം - 676 553 | |
| 8 | അനർട്ട് (ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി & റൂറൽ ടെക്നോളജി(അനർട്ട്), തൈക്കാട്, തിരുവനന്തപുരം - 695 014 | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 9 | ഹൈടെക്ക് ബയോഫെർട്ടിലൈസേഴ്സ്, ഇന്ത്യ, 34/1841- ബി, ഇടപ്പള്ളി, എറണാകുളം - 682 024 | വീടുകളിലും ഫ്ളാറ്റുകളിലുമുള്ള കംമ്പോസ്റ്റിംഗ് പ്ലാന്റ് നിർമ്മാണം |
| 10 | കെംട്രോൾസ് എഞ്ചിനീയറിംഗ് ലിമിറ്റഡ്, അമർഹിൽ, സാകി വിഹാർ റോഡ്, മുംബൈ -400072 | ബയോഗ്യാസും എയ്റോബിക് വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റുകളുടെ നിർമ്മാണം |
| 11 | റാം ബയോളജിക്കൽസ്, 1/3442-1, സെക്കന്റ് ഫ്ളോർ, ഐശ്വര്യ മാൻഷൻ, വെസ്റ്റ് ഹിൽ പി.ഒ.കോഴിക്കോട് | സമൂഹ തലത്തിലുമുള്ള കമ്പോസ്റ്റ് പ്ലാന്റുകളുടെ നിർമ്മാണം |
| 12 | ഹൈക്യൂപ് എക്സ്പോർട്ടേഴ്സ് ലിമിറ്റഡ്, രജിസ്റ്റേർഡ് ഓഫീസ്, 1-1-564/1/എ ഹൈക്യൂപ് ഹൈറ്റ്സ്, ഗാന്ധിനഗർ, ഹൈദ്രാബാദ്,ആന്ധ്രാപ്രദേശ് - 500020 | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 13 | റോയൽ അസോസിയേറ്റ്സ് - പനമറ്റം, പി.ഒ.കൂരാളി, കോട്ടയം - 686 522 | വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 14 | വി ഹെൽപ്പ്, രജി.നം.കെ.57893, മണിമല, കോട്ടയം- 686 543 | വീടുകളിലുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |
| 15 | ബയോ എനർജി സിസ്റ്റം ഗ്രെയ്സ് ബിൽഡിംഗ് , റൂം നം.17/682-സി3, മാവൂർ റോഡ്, കോഴിക്കോട് | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 16 | രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റി, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ, കളമശ്ശേരി, എറണാകുളം- 683 104 | സ്ഥാപന തലത്തിലും, സമൂഹ തലത്തിലുമുള്ള വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 17 | റീജണൽ ആഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ്സ് ഓഫ് കേരള ലിമിറ്റഡ് (റെയ്ഡ്കോ) ടി.എം. 188 എ എസ്.പി.സി.എ. റോഡ്, പി.ബി.നം.407,കണ്ണൂർ - 670 002 | വീടുകളിലും സമൂഹതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |
| 18 | ജയൻ & കമ്പനി, പട്ടണക്കാട് പി.ഒ, ചേർത്തല, ആലപ്പുഴ - 688 531 | വീടുകളിലുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |

സേവനദാതാക്കളായി നിയോഗിക്കപ്പെട്ടിരിക്കുന്ന മേൽ ഏജൻസികൾ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

1. ഓരോ ഏജൻസിയും അവരവരുടെ പേരിനൊപ്പം നിർദ്ദേശിച്ചിട്ടുള്ള സർവ്വീസ് മേഖലയിലുള്ള സേവനങ്ങൾ നൽകുന്നതിന് മാത്രമാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്.
2. ഈ മേഖലയിൽ നിലവിലുള്ളതും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുന്നതിനും സർവ്വീസ് പ്രൊവൈഡർമാർക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്.
3. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.39/2008/തസ്വഭവ തീയതി 11.02.2008 ൽ നിജപ്പെടുത്തിയിട്ടുള്ളതോ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന ഭേദഗതി ഉത്തരവിലോ അനുശാസിക്കുന്ന സ്പെസിഫിക്കേഷൻ, സ്റ്റാൻഡേർഡ് യൂണിറ്റ് കോസ്റ്റ് പ്രവൃത്തി പരിപാലന പ്രട്ടോക്കോൾ ഇവ അനുസരിച്ച് മാത്രമെ പ്ലാന്റ് സ്ഥാപിക്കുന്നതിനും പ്രവൃത്തി പരിപാലനം നടത്തുന്നതിനും വ്യവസ്ഥ ഉണ്ടായിരിക്കുകയുള്ളൂ . ഇതിൽ വീഴ്ച വരുത്തുന്ന ഏജൻസികളിൽ നിന്നും ശുചിത്വമിഷനോ സർക്കാർ നിർദ്ദേശിക്കുന്ന കമ്മിറ്റിയോ നിർണ്ണയിക്കുന്ന നഷ്ടപരിഹാരം വസൂലാക്കുന്നതാണ്.
4. എല്ലാ വർഷവും സേവനം നൽകിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് വർഷാവസാനം സേവനദാതാക്കൾ ശുചിത്വമിഷന് സമർപ്പിക്കേണ്ടതാണ്.
5. സേവനദാതാക്കളുടെ കാലാവധി 3 വർഷമായിരിക്കും അതിനുശേഷം യോഗ്യത പുനർനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം പുതുക്കി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.
6. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അംഗീകൃത സർവ്വീസ് പ്രൊവൈഡർമാർ തങ്ങളുടെ ഓഫർ നൽകേണ്ടതാണ്.
7. സേവനദാതാക്കളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതികൾ രേഖാമൂലമോ, അല്ലെങ്കിൽ നേരിട്ടോ ഗവൺമെന്റിലോ ശുചിത്വമിഷനിലോ ലഭ്യമായാൽ അവ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നോട്ടീസ് കൂടാതെ തന്നെ അത്തരം സേവനദാതാക്കളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.
8. 11.02.2008 ലെ 39/2008 തസ്വഭവ നമ്പറിലെ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന സാങ്കേതിക വിദ്യകളും അനുബന്ധ സൗകര്യങ്ങളും

ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സേവനദാതാക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കേണ്ടതാണ്. കൂടുതൽ മൂലധനചെലവും വൈദ്യുതി ഉപയോഗവും ആവശ്യമുള്ള മെഷിനറികൾ വേസ്റ്റ് പ്രോ തുടങ്ങിയവ ഒഴിവാക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ അതിന്റെ കാര്യക്ഷമത , ഉപയോഗം, മൂലധനചെലവ് പ്രവൃത്തി പരിപാലന ചെലവ് എന്നിവ നിയോഗിക്കുന്ന ഒരു സാങ്കേതിക സമിതി പരിശോധിച്ച് ശുപാർശ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സേവനദാതാക്കൾ അവ സ്ഥാപിക്കാൻ പാടുള്ളൂ. ഈ നിബന്ധന നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്. വീഴ്ച വരുത്തുന്നപക്ഷം സേവനദാതാക്കളിൽ നിന്നും അതിന്റെ മൂലധന ചെലവും പിഴയും ഈടാക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
(ഒപ്പ്)
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി